# കേരള സർക്കാർ

# വരാപ്പുഴ ഗ്രാമപഞ്ചായത്ത്

## 2016-17

# ഓഡിറ്റ് റിപ്പോർട്ട്


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**
**website : www.lfa.kerala.gov.in**
**e-mail : doekm.ksad@kerala.gov.in**


(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ കെ
എം(പി.13)1593/17


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271

email:doekm.ksad@kerala.gov.in
തീയതി – 21.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
വരാപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരാപ്പുഴ ഗ്രാമപഞ്ചായത്ത് – 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നു

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തപരിശോധനാഫലമായുള്ള ചെലവ് ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2,3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ വരാപ്പുഴ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ കെ എം(പി.13)1593/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in
തീയതി: 21.10.2017

## എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **19** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

**എറണാകുളം** ജില്ലയിലെ **വരാപ്പുഴ** ഗ്രാമപഞ്ചായത്തിന്റെ **2016-17**സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.07.2017 മുതൽ 03.08.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ഡി ജിനിൽ റോയ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഹരീഷ് ബാബു.എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കവിത എസ്.കണ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീ.കെ.എസ്.മുഹമ്മദ് | 01.04.2016 | 31.03.2017 |

| സെക്രട്ടറി | കാലയളവ് | |
|---|---|---|
| | മുതൽ | വരെ |
| ശ്രീമതി.ആർ.മഞ്ജുള | 01.04.2016 | 31.03.2017 |

### നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ബീന ജോസഫ് | 01.04.2016 | 30.09.2016 |
| | ശ്രീമതി ഷീല കുമാരി | 01.10.2016 | 20.12.2016 |
| | ശ്രീ ഷെരീഫ് പി വി | 21.12.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.സെലിൻ ടെൻസി | 01.04.2016 | 31.03.2017 |
| | | | |

| | | | |
|---|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി മേരി സി എ | 01.04.2016 | 22.05.2016 |
| | ശ്രീമതി സിനി എ | 23.05.2016 | 31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി ബിന്ദു സി എസ് | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.സൗമ്യ രമേഷ് | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ജാസ്മിൻ മോൾ ടി കെ | 01.04.2016 | 31.03.2017 |
| ഹെഡ്മാസ്റ്റർ,ഗവ. യു.പി.എസ് | ശ്രീ.കെ.എൽ ആൽബി | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജ്ജൻ | ഡോ.കെ.എ ജോയ് | 01.04.2016 | 31.10.2016 |
| | ഡോ.നമിത നായ്ക് | 01.11.2016 | 31.03.2017 |
| ഫിഷറീസ് ഇൻസ്ട്രക്ടർ | ശ്രീമതി ഗ്രേസി | 01.04.2016 | 03.03.2017 |
| | ശ്രീമതി സീന അഗസ്റ്റിൻ | 04.03.2017 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി റിയ ജോർജ്ജ് | 01.04.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി രശ്മി രാമചന്ദ്രൻ | 01.04.2016 | 09.02.2017 |
| | ശ്രീമതി ഷൈജ എം കുമാർ | 10.02.2017 | 31.03.2017 |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം-1** | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | **ഭാഗം – 2** | |
| 12 | ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനത്തിന്റെ വസ്തു നികുതി കുറവായി അസസ് ചെയ്തു – വരുമാന നഷ്ടം | 2-1 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 14 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-3 |
| 15 | നിഷ്ക്രിയമായ അക്കൗണ്ടുകൾ | 2-4 |
| 16 | ഹോംസ്റ്റേക്ക് വസ്തുനികുതി, ഡി ആന്റ് ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. | 2-5 |
| 17 | വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 2-6 |
| | **ഭാഗം – 3** | |
| 18 | വയോജനങ്ങൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ- അപാകത | 3-1 |
| 19 | മേശ,കസേര എന്നിവ വിതരണം ചെയ്തതിലെ അപാകത | 3-2 |

| | | |
|---|---|---|
| 20 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 3-3 |
| 21 | മുട്ടക്കോഴി വിതരണം-മാർഗ രേഖയ്ക്ക് വിരുദ്ധമായി തുക നൽകി | 3-4 |
| 22 | നികുതി ഈടാക്കിയിട്ടില്ല | 3-5 |
| 23 | വക്കീൽ ഫീസ് നൽകിയതിൽ ആദായനികുതി ഈടാക്കിയില്ല. | 3-6 |
| 24 | വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല. | 3-7 |
| 25 | കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നല്കിയതിലെ അപാകതകൾ | 3-8 |
| 26 | ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട നല്കിയതിലെ അപാകതകൾ | 3-9 |
| 27 | ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഉപകരണങ്ങൾ വാങ്ങി | 3-10 |
| 28 | മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ് | 3-11 |
| | **ഭാഗം – 4** | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 40 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| 41 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 ലെ അജണ്ട 1 തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 138572049.80 | 137012300.00 |
| വാർഷിക കണക്കുകൾ പ്രകാരം | 52778428.00 | 50314245.00 |

ഇ.എഫ്.എം.എസ്. മുഖേന MGNREGS, B ഫണ്ട് എന്നീ ഇനങ്ങളിൽ യഥാക്രമം 1,16,88,058/- രൂപയുടേയും 3,52,07,995/- രൂപയുടേയും വരവു-ചെലവുകൾ മേൽ കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള വരവു ചെലവുകൾ നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ

വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ആയതിനാൽ ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യ ബോധ്യത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 29.06.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രികകളിൽ ചില ന്യൂനതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ഖണ്ഡിക 2.7 ൽ ചേർത്തിട്ടുണ്ട്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6005082.80 |
| വരവ് | 52778428.00 |
| ആകെ | 58783510.80 |
| ചെലവ് | 50314245.00 |
| നീക്കിയിരിപ്പ് | 8469265.80 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 1160242 |
| തൊഴിൽ നികുതി | 6090 |
| പരസ്യ നികുതി | 46500 |
| വാടക | 25521 |

പഞ്ചായത്തിന് ലഭിക്കാനുള്ള വരവു തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP 40b പ്രകാരം) |
|---|---|---|---|---|---|
| പൊതുവിഭാഗം | 0 | 10,015,079 | 10,015,079 | 10,015,079 | 0 |
| എസ്.സി. പി. | 0 | 729,079 | 729,079 | 729,079 | 0 |
| ടി.എസ്. പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 6,414,326 | 6,414,326 | 6,414,326 | 0 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 0 | 2,705,259 | 2,705,259 | 2,705,259 | 0 |
| 13-ാംധനകാര്യകമ്മീ ഷൻ ഗ്രാന്റ് | 0 | 4,782,818 | 4,782,818 | 4,782,818 | 0 |
| പെർഫോമൻസ് ഗ്രാന്റ്(ലോകബാങ്ക്) | 0 | 0 | 0 | 0 | 0 |
| എം.എൻ. ആർ. ഇ. ജി.എസ്. | 593 | 623,858 | 624451 | 619352 | 5,099 |
| ബി ഫണ്ട് | 0 | 35207995 | 35207995 | 35207995 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|
| 144 | 51141971 | 107 | 282982446 | 74.31 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 59.06 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തന് വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3604580 | 5669222 | + 2064642 | +57.27 |
| നികുതിയേതര വരവുകൾ | 4639450 | 4550471 | - 88979 | -1.91 |
| മറ്റുവരവുകൾ | 7480819 | 346178 | - 7134641 | -95.37 |
| ആകെ | 15724849 | 10565871 | 9288262 | -59.06 |

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 59.06% കുറവ് വന്നത് പഞ്ചായത്തധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പൊതുവെ തനത് വരുമാനം കുറവായ പഞ്ചായത്തിൽ വരും വർഷങ്ങളിൽ നികുതി-നികുതിയേതര വരുമാനത്തിൽ പുരോഗതി കൈവരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33,360 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 2,591,920 | 295 |
| വിധവാപെൻഷൻ | 10,704,590 | 1042 |
| വാർദ്ധക്യകാല പെൻഷൻ | 18,031,705 | 1884 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിട്ടുന്നവർക്കുള്ള പെൻഷൻ | 2,480,475 | 288 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 483,000 | 52 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150,000 | 05 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.07.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17973/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ :- ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
പേഴ്സണൽ രജിസ്റ്റർ :- തപാലുകൾ ഓരോ സെക്ഷനിലും ലഭിക്കുന്നത് പ്രത്യേക രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.
ഓഫീസ് മീറ്റിംഗ് മിനിട്ട് ബുക്ക് :– ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്. യോഗ തീരുമാനങ്ങൾ/ അഭിപ്രായങ്ങൾ മിനിട്ട് ബുക്കിൽ എഴുതി ചേർക്കേണ്ടതാണ്.
പരാതി രജിസ്റ്റർ :- കൃത്യമായി എഴുതി പരിപാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 15.07.17 മുതൽ 16.07.17 | ജൂൺ- 2017 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.08.2016 മുതൽ 09.09.2016 വരെ | 2011-12മുതൽ 2015-16 വരെ | 26.10.2016 |

.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനത്തിന്റെ വസ്തുനികുതി കുറവായീ അസസ് ചെയ്തു - വരുമാന നഷ്ടം.

**എ)** വരാപ്പുഴ പഞ്ചായത്തിലെ 2ാംവാർഡിൽപ്പെട്ട 17 A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതിയിൽ 2011ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം - 6 പട്ടിക -( 6 ) ൽ നിഷ്കർഷിക്കുന്ന പ്രകാരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. മേൽത്തരം വസ്തുക്കൾ കൊണ്ട് (ടൈൽസ്) തറ നിർമിച്ചിട്ടുള്ള ടി കെട്ടിടത്തിന് സൂചിത വർദ്ധനവ് വരുത്താത്തതിനാൽ അവയുടെ വസ്തുനികുതിയിൽ താഴെപ്പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| | വാർഡ്.നം, കെട്ടിട.നം, അസസ്മെന്റ് തരം തീയതി. | ഉടമസ്ഥന്റെ പേര്. | ഉപയോഗം | തറ വിസ്തീർണം m2 | ഈടാക്കേണ്ട നികുതി/ @Rs.50/-m$^2$ | ഈടാക്കിയ നികുതി/ @Rs.50/m$^2$ | രശീതി നമ്പർ | തീയതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | 2/17 A (പുതിയത്) On basis of plinth area. Assessed w.e.f 9/3/2015 | രവി S/oഗോപാലസ്വാമി ഉടയാർ, സിന്ധു രവി തണ്ണിക്കോട്ട് വീട് | ഷോപ്പ് La Corona Del Rosario | 559.2 | 34950* | 30757* | 11603105298 | 30/3/17 | 4193 |

*കെട്ടിട നമ്പർ 2/17 Aയുടെ വിശദ വിവരം

| | തറ വിസ്തീർണ്ണം | നികുതി നിരക്ക് | തുക | ഇളവ് മേഖല 10% | വർദ്ധനവ് | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | | | വഴി 20% | തറ 15% | AC 10% | |
| ഈടാക്കേണ്ടത് | 559.2m2 | രൂ. 50/m2 | 27960 | 2796 | 5592 | 4194 | nil | 34950 |
| ഈടാക്കിയത് | 559.2m2 | രൂ. 50/m2 | 27960 | 2796 | 5592 | nil | nil | 30757 |

2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം അതിന്റെ തറവിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ ആറാം ചട്ടത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും ഘടകത്തിലോ കെട്ടിടയുടമ വരുത്തുന്ന ഏതൊരു മാറ്റവും രേഖാമൂലം മുപ്പത് ദിവസത്തിനകം സെക്രട്ടറിയെ അറിയിക്കേണ്ടതും അപ്രകാരം ചെയ്യാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ്, ഏതാണോ അധികം അത് പിഴയായി ചുമത്താവുന്നതാണ്(ചട്ടം-17.2.).ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക്(4/29.7.17) തറയുടെ നിർമ്മിതി തരം കൂടി ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചതെന്ന സെക്രട്ടറിയുടെ മറുപടി യാഥാർത്ഥ്യവുമായി ബന്ധമുള്ളതല്ല. 2016-17 വർഷം കെട്ടിട നികുതിയിൽ കുറവ് വന്ന 4193രൂപയും ഈ കെട്ടിടങ്ങൾക്ക് നികുതി അസസ്സ് ചെയ്ത അർദ്ധ വർഷം മുതൽ(2015-16) മേൽപ്പറഞ്ഞ പ്രകാരമുള്ള നികുതി ബാധകമാക്കി ആയതിന്റെ കുടിശ്ശികയും കെട്ടിട ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

**ബി)** La Corona Del Rosario എന്ന പേരിലുള്ള വാണിജ്യസ്ഥാപനം (ക്രിസ്തീയ രൂപങ്ങളുടേയും ശിൽപ്പങ്ങളുടേയും വിൽപ്പന- God Statue Dealers) 2016-17വർഷം ഡി ആൻഡ് ഒ ലൈസൻസ് പുതുക്കിയിട്ടില്ല. വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-6 തീ-29.7.2017 ) മറുപടിയായി തൻവർഷം സ്ഥാപനത്തിന് ലൈസൻസ് പുതുക്കി നല്കിയിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 2015-16 വർഷം 510/15-16 നമ്പരായി 4000/-രൂപ ഫീസൊടുക്കി ഡി ആൻഡ് ഒ ലൈസൻസ് എടുത്ത് മേൽ സ്ഥാപനം കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം(10 ) പ്രകാരം സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിന് മുൻപ് ലൈസൻസ് പുതുക്കുവാനുള്ള അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നു. സെക്രട്ടറിയുടെ അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ പാടുള്ളതല്ല എന്നിരിക്കെ ലൈസൻസില്ലാതെ പ്രവർത്തനം തുടരുന്ന മേൽ സ്ഥാപനയുടമയിൽ നിന്നും ഡി ആൻഡ് ഒ ലൈസൻസ് ഫീസിനത്തിൽ ലഭിക്കുവാനുള്ള 4000/-രൂപ ഈടാക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ പ്രിൻസിപ്പാൾ ജനറൽ മാനേജർ, ബി.എസ്.എൻ.എൽ, കളത്തിൽപ്പറമ്പിൽ വരാപ്പുഴയുടെ ഓഫീസിൽ നിന്നും 2016-17 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ.ന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| 2016-17 ഒന്നാം അർദ്ധ വർഷം | 2016-17 രണ്ടാം അർദ്ധ വർഷം |
|---|---|
| 19500/-<br>രസീത് നമ്പർ/തീയതി<br>11603500005/17.09.2016 | 18000/-<br>രസീത് നമ്പർ/തീയതി<br>116031500016/10.03.2017 |

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 16670/2006 കേസിൽ 09-09-2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ. തൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ബി.എസ്.എൻ.എൽ.-ൽ നിന്നും സ്ഥാപന തൊഴിൽ നികുതി (1250*2=2500) ഈടാക്കേണ്ടതാണ്.

## 2-3 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ കീഴിലുള്ള ഓഫീസ് കോംപ്ലക്സിലെ വാടകരജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ലൈസൻസിയിൽ നിന്നും 2016-17 വർഷത്തെ വാടക പൂർണമായി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | ലൈസൻസിയുടെപേര്, കരാർ കാലയളവ് | കടമുറി നമ്പർ | മാസവാടക | ഈടാക്കുവാനുള്ള വാടക/കാലയളവ് |
|---|---|---|---|---|
| 1 | സംഗീത സുജീഷ് കറുത്തേരിപറമ്പിൽ ചാത്തനാട്<br>1.4.16-31.3.17 | റൂംനംVIII/497A ഓഫീസ് കോംപ്ലക്സ് | 4488/-<br>(4/16 മുതൽ 1/17വരെ)<br>4713/-<br>(5%വാർഷിക വർദ്ധനവ് വരുത്തി 2/17 മുതൽ 3/17 വരെ) | 4488*1+ 4713*2 =13914/-<br>2017ജനുവരി മുതൽ 2017 മാർച്ച് വരെ |

വാടക കുടിശ്ശികയായ 13914/- രൂപ പിഴപ്പലിശയോടൊപ്പം ലൈസൻസിയിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 നിഷ്ക്രിയമായ അക്കൗണ്ടുകൾ

വരാപ്പുഴ പഞ്ചായത്തിന്റേതായ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ താഴെപ്പറയുന്നവ വർഷങ്ങളായി ഇടപാടുകളൊന്നും നടത്തുന്നതായി കാണുന്നില്ല . നിലവിൽ ഇല്ലാത്ത പദ്ധതികൾക്കായി തുടങ്ങിയ പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ബാലൻസ് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് വക മാറ്റേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | ബാക്കി നിൽക്കുന്ന തുക (as on 31/7/2017) | അക്കൗണ്ട് തുടങ്ങിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|
| SBT | 67061683056 | 457817 | ബിഎസ് യുപി |
| SBT | 57043058437 | 32260 | ജനകീയഭവനം |
| Corporation Bank | 01/004589 | 87132 | പെൻഷൻ |
| Corporation Bank | 01/003613 | 3120 | സാക്ഷരത |

## 2-5 ഹോംസ്റ്റേക്ക് വസ്തുനികുതി, ഡി ആൻഡ് ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല.

അസസ്മെന്റ് രജിസ്റ്റർ, വസ്തുനികുതി നിർണയ സ്റ്റേറ്റ്മെന്റ് (സഞ്ചയ) എന്നിവ പ്രകാരം പഞ്ചായത്തിലെ 13ാം വാർഡിൽപ്പെട്ട 180ാം നമ്പർ കെട്ടിടം സ്റ്റാൻലി ഡിക്കൂഞ്ഞ, പണ്ടാരപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും ടിയാൻ പാർപ്പിടാവശ്യത്തിന് ഉപയോഗിച്ച് വരുന്നതുമാണ്. 120 ച.മീ തറവിസ്തീർണമുള്ള മേൽ കെട്ടിടത്തിന്റെ 2016-17 വർഷത്തെ വസ്തുനികുതി (ച.മീറ്ററിന് 6/- രൂപ നിരക്കിൽ 422/- രൂപ ) 3.2.17( രസീത്.നം- 11622101825)തീയതിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ കേരള ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിൽ (www.keralatourism.org.homestay) നിലവിൽ മേൽ കെട്ടിടം ഹോംസ്റ്റേ എന്ന നിലയിൽ (D'cunhas Riviera) പ്രവർത്തിക്കുന്നതാണെന്ന് കാണുന്നു. പക്ഷേ നാളിതുവരെ 13/180ാം നമ്പർ കെട്ടിടത്തിന് ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വസ്തു നികുതി പുനർനിർണയിക്കുകയോ ഡി ആൻഡ് ഒ ലൈസൻസ് ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണമാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/2.8.17) മറുപടി നല്കിയിട്ടില്ല. തദ്ദേശസ്വയംഭരണവകുപ്പിന്റെ (ആർ.ഡി) 24.2.15 ലെ 36/2015 നമ്പർ ഉത്തരവിനോടൊപ്പമുള്ള S.R.O 100/2015 നമ്പരായി (S.R.O 36/2011ന് ഭേദഗതിയായ പുറപ്പെടുവിച്ച ഉത്തരവ്) പുറപ്പെടുവിച്ച വസ്തുനികുതി സംബന്ധിച്ച വിജ്ഞാപനത്തിൽ സ്വകാര്യഹോസ്റ്റൽ, ഹോംസ്റ്റേ എന്നീ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്കും ച.മീറ്ററിന് 30/- രൂപക്കും 60/- രൂപക്കും ഇടയിൽ വസ്തുനികുതി നിർണയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച വരാപ്പുഴ പഞ്ചായത്തിന്റെ 1.2.12 ലെ A3 380/11ാം നമ്പർ വിജ്ഞാപനത്തിൽ ഹോംസ്റ്റേയ്ക്ക് കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണയിച്ചിട്ടില്ല. ആയതിനാൽ ഹോംസ്റ്റേ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതും സർക്കാർ ഉത്തരവിനനുസൃതമായി പുതുക്കിയ വസ്തുനികുതിയും ഒപ്പം ഡി ആൻഡ്

ഒ ലൈസൻസ് ഫീസും മേൽ കെട്ടിടയുടമയിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തനത് വരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്തിൽ ഹോംസ്റ്റേ പോലുള്ള കെട്ടിടവിഭാഗങ്ങളിൽ നിന്നും ലഭിക്കേണ്ട നികുതി തുക നഷ്ടപ്പെടുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഉചിതമായ തുടർനടപടികൾ കൈക്കൊള്ളുവാൻ ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | സഞ്ചയ പ്രകാരം | സാംഖ്യ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 2988585 | 2989298 | 713 |
| കളക്ഷൻ | 2298557 | 2238076 | 60481 |
| ബാലൻസ് | 657820 | 751222 | 93402 |

(2)കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള അരിയർ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | സഞ്ചയ പ്രകാരം | സാംഖ്യ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 2407671 | 1934436 | 473235 |
| കളക്ഷൻ | 1633924 | 1604200 | 29724 |
| ബാലൻസ് | 979345 | 330236 | 649109 |

(3) ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

(4)തൊഴിൽ നികുതിയിനത്തിലെ അപാകത ചുവടെ ചേർക്കുന്നു.

.

| വാർഷിക ധനകാര്യ പത്രിക പ്രകാരം | | | | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | | | | |
|---|---|---|---|---|---|---|---|---|
| തൊഴിൽ നികുതി എംപ്ലോയീസ് | തൊഴിൽ നികുതി ട്രേഡ്സ് | അഡ്വാൻസ് കളക്ഷൻ | ആകെ | തൊഴിൽ നികുതി എംപ്ലോയീസ് | തൊഴിൽ നികുതി ട്രേഡ്സ് | അഡ്വാൻസ് കളക്ഷൻ | സ്ഥാപന തൊഴിൽ നികുതി | ആകെ |
| 989080 | 225132 | 312940 | 1527152 | 989080 | 225132 | 312940 | 47500 | 1574652 |
| വ്യത്യാസം | | | 47500/- | | | | | |

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വയോജനങ്ങൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ-അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | S0171/17 |
| പ്രോജക്ടന്റെ പേര് | വയോജനങ്ങൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ. (വൃദ്ധ ജനങ്ങൾക്ക് പ്രതിരോധ മരുന്നു വിതരണം ). |
| നിർവ്വഹണ ഉദ്യോഗസ്ഥ | ആയുർവേദ മെഡിക്കൽ ഓഫീസർ, വരാപ്പുഴ ഗ്രാമ പഞ്ചായത്ത്. |
| അടങ്കൽ തുക | വികസന ഫണ്ട്. 97905/-രൂപ , മെയിന്റനൻസ് ഗ്രാന്റ്.(റോഡിതരം). 1,20,000/- ആകെ. 217905/-രൂപ. |
| ബിൽ നമ്പർ | 1)6/16-17,29.03.2017-97905/- 2)7/16-17,29.03.17-120000/- |

1)ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് ഔഷധി,കുട്ടനെല്ലൂർ,തൃശൂർ എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും 217905/- രൂപ പ്രഫോർമ ഇൻവോയ്സ് പ്രകാരം നൽകുകയും ചെയ്തു.

എന്നാൽ ഇതുവരെ മരുന്നുകളൊന്നും തന്നെ ലഭിച്ചിട്ടില്ല. 217905/-രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2)സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നമ്പർ 4/2016/തദ്ദേശ സ്വയം ഭരണ വകുപ്പ്/11.01.16 സബ്സിഡി മാർഗരേഖ പ്രകാരം വൃദ്ധർ,കുട്ടികൾ,ഭിന്നശേഷിയുള്ളവർ എന്നിവർക്ക് പ്രത്യേകമായി മരുന്ന് വാങ്ങുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ഈ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പദ്ധതി രൂപീകരിച്ചത്. അതിനാൽ നിർവ്വഹണ യോഗ്യമല്ലാത്ത മേൽ പ്രോജക്ട് നടപ്പാക്കിയാൽ ഉണ്ടാകുന്ന ബാദ്ധ്യതകളും ഉത്തരവാദിത്തവും നിർവ്വഹണ ഉദ്യോഗസ്ഥന് മാത്രമായതിനാൽ പ്രോജക്ട് ഭേദഗതി ചെയ്യണമെന്ന് ആയുർവേദ മെഡിക്കൽ ഓഫീസർ 09.11.2016 ൽ സി54/16 നമ്പർ കത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 16/03/2017ലെ 1 (4)-ാംനമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനമനുസരിച്ച് പ്രോജക്ട് പുനർ നാമകരണം ചെയ്ത്"വൃദ്ധജനങ്ങൾക്കുള്ള പ്രധിരോധ മരുന്ന് വിതരണം " എന്ന പേരിൽ നടപ്പാക്കുകയാണ് ഉണ്ടായത്. ഈ പ്രോജക്ട് സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ നടപ്പിലാക്കുവാൻ കഴിയില്ല എന്ന് സൂചിപ്പിച്ചു കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ പഞ്ചായത്ത് ഭരണ സമിതിയ്ക്ക് കത്ത് നൽകിയെങ്കിലും പ്രോജക്ട് നടപ്പാക്കുകയാണുണ്ടായത്. സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ചു കൊണ്ട് നടപ്പാക്കിയ പ്രോജക്ടായതിനാലും സർക്കാർ അംഗീകാരമില്ലാതെ തുക നൽകിയതിനാലും ഈയിനത്തിൽ ചെലവഴിച്ച 217905/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 മേശ,കസേര എന്നിവ വിതരണം ചെയ്തതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം | S0094/2017 |
| പ്രോജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് മേശ,കസേര |
| ചെലവ് വിവരം | ₹.40,000/- (ബിൽ 09/16-17 തീയതി 24.03.17) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,വരാപ്പുഴ ജി.യു.പി.എസ് |

ഗ്രാമപഞ്ചായത്തിലെ എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ,കസേര എന്നിവ വിതരണം ചെയ്യുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണിത്. അതനുസരിച്ച് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക മേശ,കസേര എന്നിവയ്ക്ക് ക്വാട്ട് ചെയ്ത എൻ&എൻ എൻജിനീയറിംഗ്&ജനറൽ ട്രേഡിംഗ് കമ്പനി,കളമശ്ശേരി,എറണാകുളം എന്ന സ്ഥാപനത്തിന് കരാർ പ്രകാരം മേശ,കസേര എന്നിവ വിതരണം ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. മേശ,കസേര എന്നിവയ്ക്ക് ആകെ 4000/-രൂപയാണ് അംഗീകരിച്ച നിരക്ക്. ആകെ പത്ത് കുട്ടികൾക്കാണ് മേശ,കസേര എന്നിവ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത കുട്ടികൾക്കും മേശ,കസേര എന്നിവ വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | സ്കൂളിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| അതുൽ,സി മഹേഷ്, ചിറ്റേത്ത്, ചിറയ്ക്കകം, വരാപ്പുഴ | സെന്റ്.ജോർജ്ജ് എൽ.പി.എസ്, പുത്തൻപിള്ളി | 4000/- |
| അനാമിക, പുല്ലൻചെട്ടിപ്പറമ്പിൽ, മുട്ടിനകം | സെന്റ്.മേരീസ്.എൽ.പി.എസ്, മുട്ടിനകം | 4000/- |
| അശ്വിൻ ടി ബാബു, തോട്ടത്താൻ, ചിറയ്ക്കകം, വരാപ്പുഴ | സെന്റ്.ഫിലോമിനാസ്. എച്ച്.എസ്.എസ്, കൂനമ്മാവ് | 4000/- |
| പ്രമോദ് വി പി, വഞ്ചിപ്പിള്ളി, ചിറയ്ക്കകം, വരാപ്പുഴ | സെന്റ്.ഫിലോമിനാസ്. എച്ച്.എസ്.എസ്, കൂനമ്മാവ് | 4000/- |
| സവിത ബാബു, തോട്ടത്താൻ, ചിറയ്ക്കകം, വരാപ്പുഴ | സെന്റ്.ജോസഫ്. എച്ച്.എസ്,വരാപ്പുഴ | 4000/- |
| നിമിഷ, എള്ളുപറമ്പിൽ, മുട്ടിനകം | സെന്റ്.ജോസഫ്. എച്ച്.എസ്,വരാപ്പുഴ | 4000/- |
| ആകെ | | 24,000/- |

മേൽ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി നം.9/31.7.17 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭിച്ച മറുപടിയിൽ അഡീഷണൽ ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കുന്നതാണ് എന്നറിയിച്ചിരുന്നുവെങ്കിലും അത് ഹാജരാക്കിയില്ല. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയ 24,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നം | S0095/2017 |
| പ്രോജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| | |

| | |
|---|---|
| ചെലവ് വിവരം | ₹.52,300/- (ബിൽ10/16-17 തീയതി 24.03.17) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,വരാപ്പുഴ ജി.യു.പി.എസ് |

ഗ്രാമപഞ്ചായത്തിലെ എസ്.സി വിഭാഗത്തിൽപ്പെട്ട 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണിത്. അതനുസരിച്ച് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക സൈക്കിളിന് ക്വാട്ട് ചെയ്ത വിതയത്തിൽ സൈക്കിൾസ്,വരാപ്പുഴ എന്ന സ്ഥാപനത്തിന് കരാർ പ്രകാരം സൈക്കിൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. ബി.എസ്.എ ലേഡി ബേർഡ് സൈക്കിളിന് 4900/-രൂപയും, ബി.എസ്.എ എസ്.എൽ.ആറിന് 4700/-രൂപയുമാണ് അംഗീകരിച്ച നിരക്ക്. എട്ട് ആൺകുട്ടികൾക്കും മൂന്ന് പെൺകുട്ടികൾക്കുമാണ് ഌസൈക്കിൾ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഒരാൺ കുട്ടിയ്ക്ക് സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു

.

| ഗുണഭോക്താവിന്റെ പേര് | സ്കൂളിന്റെ പേര് | നൽകിയ തുക |
|---|---|---|
| ശ്രീകാന്ത് സി എസ്, ചിറ്റേത്ത്, 965 ചിറയ്ക്കകം,വരാപ്പുഴ | ഹോളി ഇൻഫന്റ് ബോയ്സ് ഹൈസ്ക്കൂൾ, വരാപ്പുഴ | 4700/- |

മേൽ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി നം.8/31.7.17 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭിച്ച മറുപടിയിൽ അഡീഷണൽ ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കുന്നതാണ് എന്നറിയിച്ചിരുന്നുവെങ്കിലും അത് ഹാജരാക്കിയില്ല. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയ 4700/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 മുട്ടക്കോഴി വിതരണം-മാർഗ രേഖയ്ക്ക് വിരുദ്ധമായി തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0019/17 |
| പ്രോജക്ടിന്റെ പേര് | മുട്ടക്കോഴി വിതരണം (ജനറൽ വനിത) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ,വരാപ്പുഴ |
| തുക | 2,36,000 |
| ബിൽ നമ്പർ | 01/16-17,16.02.2017 |

ഗ്രാമപഞ്ചായത്തിൽ ഉപതൊഴിലായി മൃഗപരിപാലനം നടത്തുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണ് മുട്ടക്കോഴി വിതരണം. അതനുസരിച്ച് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഷാജൂസ് എഗ്ഗർ നഴ്സറി,നാല്പാംമൈൽ,എരുമത്തല എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നമ്പർ 4/2016/തദ്ദേശ സ്വയം ഭരണ വകുപ്പ്/11.01.16 സബ്സിഡി മാർഗരേഖ പ്രകാരം കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കവിയുന്നവർക്കും ഗവ.ജീവനം, വിദേശത്ത് ജോലിയുള്ളവർ എന്നിവർക്കും സബ്സിഡി നൽകുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ പരിശോധനയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കൂടുതലാണെന്ന് വ്യക്തമായി. 500/-രൂപ വീതം സബ്സിഡിയായി ഓരോ ഗുണഭോക്താവിനും നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി നടത്തിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അഭിപ്രായം | നൽകിയ സബ്സിഡി |
|---|---|---|
| അജിതആന്റണി, പുതുശ്ശേരി, തുണ്ടത്തുംകടവ്, വരാപ്പുഴ | വിദേശത്ത് ജോലിയുള്ള കുടുംബം | 500 |
| മേഴ്സി ജോണി ഡയസ്സ്, ചിറമേൽ, തുണ്ടത്തുംകടവ്, വരാപ്പുഴ | വിദേശത്ത് ജോലിയുള്ള കുടുംബം | 500 |
| റോസിലി വിൻസെന്റ്, ചിറമേൽ, തുണ്ടത്തുംകടവ്, വരാപ്പുഴ | വിദേശത്ത് ജോലിയുള്ള കുടുംബം | 500 |
| പേശല ഷിബുകുമാർ, കടവിൽപറമ്പിൽ, ചിറയ്ക്കകം | ഗവ.ജീവനം | 500 |
| എൽസി പി എം,പുതുശ്ശേരി, ചിറയ്ക്കകം | ഗവ.ജീവനം | 500 |
| ഗിരിജ വിശ്വനാഥൻ,മഠത്തുംപടിയ്ക്കൽ, ചിറയ്ക്കകം | വിദേശത്ത് ജോലിയുള്ള കുടുംബം | 500 |
| സ്മിത റെജി, പുനത്തിൽ, എടമ്പാടം | വിദേശത്ത് ജോലിയുള്ള കുടുംബം | 500 |
| ജീൻ പീറ്റർ,മേരി നിവാസ്(കടവിൽ), എടമ്പാടം | വിദേശത്ത് ജോലിയുള്ള കുടുംബം | 500 |
| | | |

| | | |
|---|---|---|
| മോളി വിൻസെൻറ്,കാനപ്പിള്ളി, തേവർകാട് | വിദേശത്ത് ജോലിയുള്ള കുടുംബം | 500 |
| ശാന്ത കെ കെ,കണപ്പിള്ളി, അടിച്ചിൽകടവ് | കമ്പനി ജോലി | 500 |
| | | 5,000 |

മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് തുകയായ 5,000/- രൂപ അതാത് വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5 നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം വിവിധ എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ [എംസാൻഡ്, മെറ്റൽ (40mm,20mm,6mm) കമ്പി, സിമന്റ്,മണ്ണ്] വിതരണം ചെയ്യുന്നതിനായി 2016-17-ൽ സെക്രട്ടറി ടെണ്ടർ ക്ഷണിക്കുകയും ഓരോയിനത്തിനും കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ.ലിയാക്കത്ത് അലി മൂപ്പൻ, റിസ്യൂ വില്ല, ചിറയത്തിന്റെ ടെണ്ടർ അംഗീകരിച്ച് കരാർ ചമച്ച് സെക്രട്ടറി സപ്ലൈ ഓർഡർ നല്കുകയും ചെയ്തു. വിതരണം ചെയ്ത സാധനങ്ങളുടെ വിലയായി 803243/- രൂപ ചെക്ക് നം. 006848/8.6.16 പ്രകാരം നൽകിയിട്ടുണ്ട്. ഈ തുക നല്കിയതിൽ കമ്പി, സിമന്റ് എന്നിവയ്ക്ക് നല്കിയ തുക കൂടി ഉൾപ്പെടുന്നുണ്ട്. എന്നാൽ എം.സാന്റ്, മെറ്റൽ, മണ്ണ് എന്നിവയുടെ നികുതികൾ (വാറ്റ് ) ഈടാക്കിയിട്ടില്ല. ഇത് മൂലം സംസ്ഥാന സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെചേർക്കുന്നു.മൂല്യവർദ്ധിത നികുതിയിൽ സർക്കാരിനുണ്ടായ നഷ്ടത്തെ ക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാൻ വാണിജ്യ നികുതി വകുപ്പിന് ശുപാർശ ചെയ്യുന്നു.

| ക്രമ നമ്പർ | വിതരണം ചെയ്ത ഇനത്തിന്റെ പേര് | കരാറുകാരന്റെ പേര് | നൽകിയ തുക |
|---|---|---|---|
| 1 | എംസാൻഡ്, മെറ്റൽ (40mm,20mm,6mm) കമ്പി, സിമന്റ്, മണ്ണ് | ലിയാക്കത്ത് അലി മൂപ്പൻ റിസ്യൂ വില്ല, ചിറയം. | 803243 |

## 3-6 വക്കീൽ ഫീസ് നൽകിയതിൽ ആദായനികുതി ഈടാക്കിയില്ല.

വരാപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്തതിന് അഡ്വ. അശോക്.ബി.ഷേണായിക്ക് 2016-17 വർഷം വക്കീൽ ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം 60000 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കേസ് നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | Appeal.No – 447/16 | 21600279/8.7.16 | 7500 |
| 2 | WP(C) 13424/14 | 21600455/7-9-16 | 7500 |
| 3 | Appeal.No – 547/16 | 21600456/7-9-16 | 7500 |
| 4 | WP(C) 26132/16 | 21600620/19-10-16 | 7500 |
| 5 | WP(C) 21833/16 | 21600621/19-10-16 | 7500 |
| 6 | Appeal.No – 706/16 | 21600692/3-11-16 | 7500 |
| 7 | WP(C) 21833/16 | 21600839/13-12-16 | 7500 |
| 8 | Appeal.No – 1144/16 | 21601245/18-3-16 | 7500 |
| | | ആകെ | 60000 |

1961 ലെ ആദായനികുതി നിയമം വകുപ്പ് 194 (ജെ) പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി 30000 രൂപയിൽ അധികരിക്കുന്ന തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വ.അശോക്.ബി.ഷേണായിക്ക് മേൽപ്പറഞ്ഞ പ്രകാരം വക്കീൽ ഫീസിനത്തിൽ 60000 രൂപ നൽകിയപ്പോൾ ആയതിന് ബാധകമായ 6000 രൂപ ആദായനികുതി പിടിച്ചിട്ടില്ല. നിയമാനുസൃതമായ ആദായനികുതി കുറവ് ചെയ്യാതെ വക്കീൽ ഫീസ് നൽകിയതിനാൽ 6000 രൂപ ഈടാക്കി കേന്ദ്രസർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

.

## 3-7 വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കാത്ത വിവിധ പദ്ധതികളുടെ വിവരം ചേർക്കുന്നു.

<u>1സമ്പൂർണ്ണ വൈദ്യുതീകരണം</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0170/17 |
| അടങ്കൽ | 137678/- |
| ചെലവ് | 137678/-,<br>ബിൽ നമ്പർ 60/16-17,<br>22.02.17 |

ഗ്രാമ പഞ്ചായത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി മേൽ പ്രകാരമുള്ള തുക അസി.എക്സി.എഞ്ചിനീയർ,കെ.എസ്.ഇ.ബി,വടക്കൻ പറവൂരിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല.

2. വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് ലൈൻ വലിക്കൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0100/17 |
| അടങ്കൽ | 636240/- |
| ചെലവ് | 636240/-, ബിൽ നമ്പർ 63/16-17, 22.02.17 അസി.എക്സി.എഞ്ചിനീയർ,കെ.എസ്.ഇ.ബി,വരാപ്പുഴ |

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനായി മേൽ വിവരിച്ച പ്രകാരം തുക KSEB ക്ക് കൈമാറിയെങ്കിലും, പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല.

**3. വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ**

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 096/17 |
| അടങ്കൽ | 133975/- |
| ചെലവ് | 133975/-, ബിൽ നമ്പർ 10/16-17, 27.09.16, അസി.എക്സി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, വടക്കൻ പറവൂർ |

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി മേൽ വിവരിച്ച പ്രകാരം തുക KSEB ക്ക് കൈമാറിയെങ്കിലും, പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുകയായ 907893/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നല്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | S0127/2017 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് നല്കിയത് |
| ചെലവ് വിവരം | ₹.70,000/- (ബിൽ04/16-17 തീയതി 13.01.17) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ,പുത്തൻപള്ളി |

7കുടുംബശ്രീ യൂണിറ്റുകൾക്ക് 10000/- രൂപ വീതം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് റിവോൾവിംങ് ഫണ്ട് നൽകിയിട്ടുണ്ട്. വിവിധ ബാങ്കുകളിലേക്കായി(യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ വരാപ്പുഴ,കോർപ്പറേഷൻ ബാങ്ക്,വരാപ്പുഴ) ബാക്ക് എൻഡ് സബ്സിഡിയായി 10000/- രൂപ വീതം 70,000/-രൂപ നൽകിയിട്ടുണ്ടെങ്കിലും ഈ തുക നാളിതുവരെയും ഗുണഭോക്താക്കളായ വിവിധ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നൽകിയിട്ടില്ല. ലോൺ തുകയും നാളിതുവരെയും ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ വരവു വെച്ചിട്ടില്ല. കൂടാതെ താഴെപ്പറയുന്ന അപാകതകളുണ്ട്.

1.കുടുംബശ്രീ ഗ്രൂപ്പുകൾ സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് യൂണിറ്റുകൾക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ലൈസൻസ് ഓഡിറ്റിൽ ഹാജരാക്കിയില്ല.
2. പ്രസ്തുത കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്ന പ്രോജക്ടിൽ വിവരിക്കുന്ന വ്യവസായം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 2-ാം നമ്പർ ഓഡിറ്റ് എൻകവയറി, തീ. 29.7.17-ന് നല്കിയ മറുപടിയിൽ, ലോൺ തുക എത്രയുംവേഗം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ വരുവാൻ ശ്രദ്ധിക്കുന്നതാണ് എന്നാണ് അറിയിച്ചത്. മേൽ അപാകതകൾ പരിഹരിക്കുന്നതുവരെ ഈയിനത്തിൽ ചെലവു ചെയ്ത 70,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട നല്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | S0147/2017 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട |
| ചെലവ് വിവരം | 1)₹.25,000/- (ബിൽ08/16-17 തീയതി 16.02.17)<br>2)₹.25,000/-(ബിൽ14/16-17 തീയതി 27.03.17) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ,പുത്തൻപള്ളി |

ശാരീരിക വൈകല്യമുള്ള തൊഴിൽരഹിതരായ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. രണ്ട് ഗുണഭോക്താക്കൾക്ക് 25000/- രൂപ വീതം പെട്ടിക്കട നിർമ്മിച്ചതിന് നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൌണ്ട് നമ്പർ | നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| ശിവൻ യു കെ, ഉററിപ്പുരയിടം ചിറയ്ക്കകം, വരാപ്പുഴ | 10160100187467/ ഫെഡറൽ ബാങ്ക് | 25,000 |
| മരിയൻ ഫ്രാൻസിസ്, വലിയപറമ്പിൽ, മണ്ണംതുരുത്ത്, വരാപ്പുഴ | 10160100175983/ ഫെഡറൽ ബാങ്ക് | 25,000 |
| | ആകെ | 50,000 |

മേൽ പ്രോജക്ട് നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.
1.കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്താണോ കട സ്ഥാപിച്ചത് എന്ന വിവരം ഫയലിൽ ഇല്ല.
2.റോഡ് പുറമ്പോക്കിലാണോ കട സ്ഥാപിച്ചത് എന്ന വിവരം ഫയലിൽ ഇല്ല
3.സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് പഞ്ചായത്തിൽ നിന്നും ലഭിച്ച ഡി&ഒ ലൈസൻസ് ഓഡിറ്റിൽ ഹാജരാക്കിയില്ല.
4. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നമ്പർ 4/2016/തദ്ദേശ സ്വയം ഭരണ വകുപ്പ്/11.01.16 സബ്സിഡി മാർഗരേഖ പ്രകാരം പെട്ടിക്കട നിർമ്മിച്ച് നൽകിയ /വില്പന നടത്തിയവർക്കാണ് സബ്സിഡി തുക നൽകേണ്ടത് എന്ന മാനദണ്ഡം പാലിക്കാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്.
മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 3/29.7.17 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ലഭിച്ച മറുപടിയിൽ ഗുണഭോക്താവിന് ഡി. ആന്റ് ഒ. ലൈസൻസ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഗുണഭോക്താവ് സ്വയം കട നിർമ്മിച്ചതുകൊണ്ടാണ് ടിയാളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക നേരിട്ട് നല്കിയതെന്നും വിശദീകരിച്ചു. മേൽ പറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതുവരെ 50,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഉപകരണങ്ങൾ വാങ്ങി

| പ്രോജക്ട് നമ്പർ | S0166/17 | S099/17 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത്ഓഫീസിലേക്ക് LED സ്ക്രീൻ, മൈക്ക് , സ്പീക്കറുകൾ എന്നിവ വാങ്ങൽ. | ചിറയ്ക്കകം ഗവ. യു.പി.എസ്. ലേക്ക് IT ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, വരാപ്പുഴ ഗ്രാമ പഞ്ചായത്ത്. | ഹെഡ് മാസ്റ്റർ, ഗവ. യു.പി.എസ്. വരാപ്പുഴ |
| ചെലവ് വിവരങ്ങൾ | 1) ബിൽ നം. 97. തീയതി.31/03/2017 – 37883/-രൂപ. 2)ബിൽ നം. 98. തീയതി. 31/03/2017 - 12500/- രൂപ. ആകെ.50383/രൂപ. | രൂ.2,00,000/- ബിൽ നം. 7/16-17, തീ. 10.3.17 |

ഗ്രാമപഞ്ചായത്തിലേക്ക് 2016-17 സാമ്പത്തിക വർഷം പ്രോജക്റ്റ് നം. S0166/17പ്രകാരം LED സ്ക്രീൻ,മൈക്ക്, സ്പീക്കറുകൾ എന്നിവയും പ്രോജക്റ്റ് നം. S099/17 പ്രകാരം ചിറയ്ക്കകം ഗവ. യു.പി.സ്കൂളിലേക്ക് ഐടി ഉപകരണങ്ങളായ 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, 4 ലാപ്പ്ടോപ്പ് എന്നിവയും കെ.എസ്.ഐ.ഇ.കച്ചേരിപ്പടിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടികൾ കൂടാതെ സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ സ്ഥാപനങ്ങൾ നിർമ്മിക്കാത്തവ/അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതാണെന്ന് ജി.ഒ(പി)/1/2006/തീ.2.2.2006 സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ 31.03.2012ലെ ജി.ഒ(ആർ.ടി)നം.1024/12/തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടറുകൾ,അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ ഐ.കെ.എം നിർദ്ദേശമനുസരിച്ച് ഡിജിഎസ്&ഡി റേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് ഉറപ്പു വരുത്തുന്നുള്ള ബാധ്യത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുണ്ട്. KSIE ഒരു സർക്കാർ സ്ഥാപനമായതിനാലാണ് ടെൻഡർ കൂടാതെ ഉപകരണങ്ങൾ വാങ്ങിയത് എന്നാണ് ഓഡിറ്റ് എൻക്വയറി നം. 13 ന് നല്കിയ മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും അനുസരിച്ച് പ്രോജക്റ്റ് നടപ്പിലാക്കുവാൻ പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 3-11 മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | 82/2017 |
|---|---|
| അടങ്കൽ | 210000/-രൂപ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , ആയുർവേദം |
| ചെലവ് വിവരം | 210000/-രൂപ ബിൽ നം.2 തീയതി.31.3.17 |

മെഡിക്കൽ ഓഫീസർ , ഹോമിയോ തയ്യാറാക്കി നൽകിയ ഇൻഡന്റ് പ്രകാരം 210000/-രൂപ ഹോംകോ ,പാതിരപ്പിള്ളി ,ആലപ്പുഴ എന്ന സ്ഥാപനത്തിനു നല്കി. എന്നാൽ 171330 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. 38670/- രൂപയ്ക്കുള്ള മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. 171330 രൂപയിൽ 6213/- രൂപ (Freight Charge)/കടത്തുകൂലി ഇനത്തിൽ നൽകിയതാണ്. പണം മുൻകൂറായി നൽകിയിട്ട് ഇപ്രകാരം പല ഗഡുക്കളായി മരുന്നു ലഭിക്കുമ്പോൾ കടത്തു കൂലിയിനത്തിൽ നല്ലൊരു തുക പഞ്ചായത്തിനു നഷ്ടം സംഭവിക്കുന്നുണ്ട്. ആതിനാൽ മുഴുവൻ മരുന്നുകളും ഒറ്റതവണയായി ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ലഭിക്കുവാനുള്ള 38670/- രൂപയ്ക്കുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 220000 | 13/17 – എരുമക്കുട്ടി വിതരണം | 220000 | ഇല്ല |
| | 46049 | 34/17 വാഴക്കൃഷി വികസനം | 46049 | ഇല്ല |
| | 225000 | 25/17 ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 225000 | ഇല്ല |
| | 35000 | 148/17 ക്ഷീരവികസനം-പാലിന് സബ്സിഡി | 35000 | ഇല്ല |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 200000 | 25/17 ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ആനുകൂല്യങ്ങളും | 200000 | ഇല്ല |
| | 300000 | 22/17 – പൊക്കാളി നെൽകൃഷി വികസനം | 300000 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | 60/16-17, 22.02.17 | 137678 | 137678 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കെ.എസ്. ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് ലൈൻ വലിക്കൽ | 63/16-17, 22.02.17 | 636240 | 636240/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കെ.എസ്. ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ | 10/16-17, 27.09.16, | 133975 | 133975 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

പ്രവൃത്തികൾ പൂർത്തികരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച വായ്പയുടേയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പര്/ തീയതി | വായ്പ തുക | വര്‍ഷാരംഭത്തില്‍ തിരിച്ചടയ്ക്കാന്‍ ബാക്കിയുണ്ടായിരുന്ന തുക | തന്‍വര്‍ഷം തിരിച്ചടച്ച തുക | | വര്‍ഷാവസാനം തിരിച്ചടയ്ക്കാന്‍ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതല്‍ | പലിശ | |
| ഓഫീസ് കെട്ടിട നിര്‍മ്മാണം | സ.ഉ.(സാധാ) നം.3731/11/ത.സ്വ.ഭ.വ | 9147212 | 2157325 | 2385922 | 228597 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങള്‍

| | |
|---|---|
| വര്‍ഷാരംഭത്തില്‍ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 60,00,000 |
| തന്‍വര്‍ഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 60,00,000 |
| തന്നാണ്ടില്‍ പിന്‍വലിച്ച തുക | ഇല്ല |
| വര്‍ഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 60,00,000 |

| നിക്ഷേപത്തിന്റെ വിവരം | തുക | സര്‍ട്ടിഫിക്കറ്റ് നമ്പര്‍ |
|---|---|---|
| വരാപ്പുഴ സര്‍വ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,00,000 | TT 31646 |
| വരാപ്പുഴ സര്‍വ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,00,000 | TT 31647 |
| വരാപ്പുഴ സര്‍വ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,00,000 | TT 37411 |
| വരാപ്പുഴ സര്‍വ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,00,000 | TT 37412 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോര്‍ട്ട് വര്‍ഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 1999-00 | 3-15 | 17 | പി എസ് കൃഷ്ണന്‍, സെക്രട്ടറി | 11603101498/ 14.06.2016 |
| 1999-2000 | 26(b) | 5 | ശ്രീ.റൂബി ഡിസില്‍വ, സെക്രട്ടറി | 11603101499/ 14.06.2016 |

## 4-7 സമാഹൃത റിപ്പോര്‍ട്ടില്‍ ഉള്‍പ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുന്‍വര്‍ഷ ഓഡിറ്റ് റിപ്പോര്‍ട്ടുകളില്‍ കേരള ലോക്കല്‍ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോര്‍ട്ടില്‍ ഉള്‍പ്പെട്ട ഖണ്ഡികകളില്‍ തീര്‍പ്പാക്കാന്‍ അവശേഷിക്കുന്നവയുടെ വിശദാംശങ്ങള്‍ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വര്‍ഷം | സമാഹൃത റിപ്പോര്‍ട്ട് വര്‍ഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-10 & 2010-11 | 2011-12 | 3.2.6.3 | റോഡ് നിര്‍മ്മാണം - സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും നിര്‍വ്വഹണവും | പഞ്ചായത്ത് സമര്‍പ്പിച്ച മറുപടിയിന്മേല്‍ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമര്‍പ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.7 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം | പഞ്ചായത്ത് സമര്‍പ്പിച്ച മറുപടിയിന്മേല്‍ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു |

| | | | | |
|---|---|---|---|---|
| | | | | മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.9 | കണക്റ്റിവിറ്റി പ്ലാൻ | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.13 | കരാർ പ്രവൃത്തികളിലെ ഗുണഭോക്തൃ കമ്മിറ്റിയുടെ മോണിറ്ററിംഗ് നടത്തിയില്ല | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.15 | ഡ്രെയിനേജ് സംവിധാനം | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.18 | ടെണ്ടർ നടപടികളിലെ ക്രമക്കേട് | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52778428.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50314245.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 10693.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33700.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1245798.00 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | വരവു നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| 2-1 | 8193 | - | ആർ മഞ്ജുള, സെക്രട്ടറി |
| 2-2 | 2500 | - | ആർ മഞ്ജുള, സെക്രട്ടറി |
| | | | |

| | | | |
|---|---|---|---|
| 3-2 | | 24000 | കെ എൽ ആൽബി, ഹെഡ്മാസ്റ്റർ |
| 3-3 | | 4700 | കെ എൽ ആൽബി, ഹെഡ്മാസ്റ്റർ |
| 3-4 | | 5000 | ഡോ.നമിത നായ്ക്, സീനിയർ വെറ്ററിനറി സർജൻ |
| ആകെ | 10693 | 33700 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 217905 | പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ |
| 3-7 | 907893 | ആർ മഞ്ജുള, സെക്രട്ടറി |
| 3-8 | 70000 | റിയ ജോർജ്,വി.ഇ.ഒ,പുത്തൻപള്ളി |
| 3-9 | 50000 | റിയ ജോർജ്,വി.ഇ.ഒ,പുത്തൻപള്ളി |
| ആകെ | 1245798 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| 3-6 | 6000 | ആർ മഞ്ജുള, സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആർ മഞ്ജുള, സെക്രട്ടറി | സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത് | സായികൃപ, പി.ജെ.ആന്റണി റോഡ്, പാലാരിവട്ടം, 682025 എറണാകുളം |
| കെ എൽ ആൽബി, ഹെഡ്മാസ്റ്റർ | കെ എൽ ആൽബി, ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്, ചിറയ്ക്കകം, വരാപ്പുഴ | കല്ലൂർ വീട്,കോട്ടുവള്ളി, 683519 എറണാകുളം |
| ഡോ.നമിത നായ്ക്, സീനിയർ വെറ്ററിനറി സർജൻ | ഡോ.നമിത നായ്ക്, സീനിയർ വെറ്ററിനറി സർജൻ, വരാപ്പുഴ | രാധേഷ്, സൌത്ത് മുണ്ടശ്ശേരി വീട്, ടി.ഡി.റോഡ്, എറണാകുളം |
| റിയ ജോർജ്, വി.ഇ.ഒ, പുത്തൻപള്ളി | റിയ ജോർജ്, വി.ഇ.ഒ, പുത്തൻപള്ളി | പാലമിറ്റത്ത് വീട്, ആലങ്ങാട് പി ഒ സെന്റ് മേരീസ് പള്ളിയ്ക്ക് സമീപം |
| കെ.എസ് മുഹമ്മദ് | പ്രസിഡന്റ് | കരിവേലിൽ വീട്, മണ്ണംതുരുത്ത്, വരാപ്പുഴ, 683517 |
| കൊച്ചുറാണി ജോസഫ് | വൈസ് പ്രസിഡന്റ് | കോളരിയ്ക്കൽ വീട്, മുട്ടിനകം, വരാപ്പുഴ, 683517 |
| ടി പി പോളി | പഞ്ചായത്ത് അംഗം | തേയ്ക്കാനത്ത് വീട്, ചിറയ്ക്കകം, വരാപ്പുഴ, 683517 |
| മിനി ജോസ് | പഞ്ചായത്ത് അംഗം | നെൽക്കുന്നശ്ശേരി വീട്, തുണ്ടത്തും കടവ്, വരാപ്പുഴ,683517 |
| ജോസ് മോൻ | പഞ്ചായത്ത് അംഗം | പുതുശ്ശേരി വീട്, പുത്തൻപള്ളി, വരാപ്പുഴ, 683517 |
| ടി എ ജോസഫ് (ബിജു ഓസ്റ്റിൻ) | പഞ്ചായത്ത് അംഗം | തൈപ്പറമ്പിൽ വീട്, തുണ്ടത്തും കടവ്, |

| | | |
|---|---|---|
| | | വരാപ്പുഴ, 683517 |
| എം.ജി രാജു | പഞ്ചായത്ത് അംഗം | മട്ടപ്പിള്ളിക്കാരൻ പറമ്പ് വീട്, ദേവസ്വംപാടം, വരാപ്പുഴ, 683517 |
| ജോമോൻ ടി ജെ | പഞ്ചായത്ത് അംഗം | താന്നിക്കപ്പിള്ളി വീട്, മുട്ടിനകം, വരാപ്പുഴ,683517 |
| ലിമ ജോയ് | പഞ്ചായത്ത് അംഗം | ആലപ്പാട്ട് വീട്, വരാപ്പുഴ ലാന്റിംഗ് പി ഒ, 683517 |
| ഷൈജി ലിജോ | പഞ്ചായത്ത് അംഗം | പനയ്ക്കൽവീട്, മണ്ണംതുരുത്ത്, വരാപ്പുഴ,683517 |
| ഷേർളി ജോൺസൺ | പഞ്ചായത്ത് അംഗം | പുനത്തിൽ വീട്, വരാപ്പുഴ ലാന്റിംഗ് പി ഒ, 683517 |
| വത്സല ബാലൻ | പഞ്ചായത്ത് അംഗം | ഭഗവതിപ്പറമ്പിൽ വീട്, ചിറയ്ക്കകം,വരാപ്പുഴ, 683517 |
| നിഖിൽ നളൻ | പഞ്ചായത്ത് അംഗം | പാഴൂരപ്പറമ്പിൽ വീട്, തേവർകാട്, വരാപ്പുഴ,683517 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക് |
|---|---|---|
| 1999-2000 | എൽ.എഫ്.ഇ(പി 5)1118/02 / 17.12.2002 | |
| 2007-08 | എൽ.എഫ്.ഇ(പി 6)1090/09 / 09.02.2010 | |
| 2008-09 | എൽ.എഫ്.ഇ(പി 6) 470/11 / 26.09.2011 | |
| 2009-10 | എൽ.എഫ്.ഇ(പി 6) 66/12 / 07.02.2012 | |
| 2010-11 | എൽ.എഫ്.ഇ(പി 6) 68/12 / 07.02.2012 | |
| 2011-12 | എൽ.എഫ്.ഇ(പി 6)2239/13 / 20.01.2014 | |
| 2012-13 | എൽ.എഫ്.ഇ(പി 6)1767/14 / 13.11.2014 | |
| 2013-14 | കെ.എസ്.എ-ഇ.കെ.എം(പി 11)1783/15 / 25.11.2015 | |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി 11)884/16, 06.06.2016 | |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി 13)1922/16, 05.11.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1
# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഇ.കെ.എം(പി13)1593/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ , കാക്കനാട്
പിൻ കോഡ് – 682 0300484 2422271,
lfadekm@gmail.com
തീയതി: 21.10.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ഠ വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-7 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ **2016-17** ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ANNEXURE II

**AUDIT CERTIFICATE**

KSA-EKM.(P.13) 1593/2017

Kerala State Audit Department,
District Audit Office, Ernakulam,
Civil Stattion , Kakkanad

Pin code – 682030
Ph : 0484-2422271
e-mail : lfadekm@gmail.com
Date : 21.10.2017

Certified that I have audited the Annual Financial Statement of **Varappuzha Grama panchayat** in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Varappuzha Grama panchaya**t for the year 2016-17 except the observations in para 2-7 of my audit report properly presents the picture of income and expenditure.

Deputy Director